പത്രക്കുറിപ്പ്
03-10-2017

## പ്രധാനമന്ത്രി ആവാസ് യോജന:
## കേരളത്തിൽ 7942 വീടുകൾ കൂടി നിർമ്മിക്കാൻ അനുമതി

തിരുവനന്തപുരം: എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാന മന്ത്രി ആവാസ് യോജന (പിഎംഎവൈ) പ്രകാരം 7942 വീടുകൾ കൂടി നിർമ്മിക്കാൻ കേരളത്തിന് കേന്ദ്ര അനുമതി. ന്യൂഡൽഹിയിലെ കേന്ദ്ര ഭവന- നഗര വികസന മന്ത്രാലയ ആസ്ഥാനത്ത് 27-09-2017ൽ നടന്ന സെൻട്രൽ സാംക്ഷനിങ് ആൻഡ് മോണിറ്ററിങ് സമിതി യോഗമാണ് പുതിയ പ്രൊജക്റ്റുകൾക്ക് അംഗീകാരം നൽകിയത്. ഇതിനായി 238.26 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 119.13 കോടി രൂപ കേന്ദ്ര വിഹിതമാണ്. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീയാണ് പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി.

പുതിയ വീടുകൾ നിർമ്മിക്കുന്നതിന് പുറമേ 96 വീടുകളുടെ നവീകരണത്തിനായി 1.69 കോടി രൂപയുടെ പദ്ധതിക്കും അംഗീകാരം ലഭിച്ചു. കേരളത്തിലെ വിവിധ നഗരസഭകൾ സമർപ്പിച്ച പദ്ധതികൾ കുടുംബശ്രീ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് മുമ്പാകെ സമർപ്പിച്ച് അനുമതി നേടിയ ശേഷമാണ് അത് കേന്ദ്രത്തിന്റെ അംഗീകാരത്തിനായി നൽകിയത്. ഇതോടു കൂടി സംസ്ഥാനത്ത് ആകെ 36918 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുവാദം കിട്ടിക്കഴിഞ്ഞു. 1107.5 കോടി രൂപയാണ് ആകെ പദ്ധതി ചിലവ്. കേരളത്തിൽ ഈ പദ്ധതി പ്രകാരം ഇതുവരെ അംഗീകാരം ലഭിച്ച വീടുകളിൽ 229 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 12168 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുതിന് മൂന്ന് ലക്ഷം രൂപ നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം എന്ന ഘടകത്തിലുള്ളതാണ് പദ്ധതി. ഇതിൽ ഒന്നരലക്ഷം രൂപ കേന്ദ്രവിഹിതമാണ്. ശേഷിച്ച തുക സംസ്ഥാന, നഗരസഭാ വിഹിതമാണ്. ചേരിവികസനം, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിങ് സ്കീം, വ്യക്തിഗത നിർമ്മാണം എന്നീ നാല് വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ